## കേരള സർവകലാശാല

നം. പി.ആർ.088/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### റിസർച്ച് അദാലത്ത്

കേരള സർവകലാശാലയിലെ ഗവേഷക വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർവകലാശാല തലത്തിൽ നടത്തുന്ന റിസർച്ച് അദാലത്തിലേക്ക് ഓൺലൈനായി പരാതികൾ സമർപ്പിക്കാനുള്ള അവസാന തീയതി ഏപ്രിൽ 23 വരെ നീട്ടി. പരാതികൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) 'grievance redressal' എന്ന ലിങ്കിലൂടെ സമർപ്പിക്കാം.

### മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റണം

വിദൂര വിദ്യാഭ്യാസ കേന്ദ്രം 2017 ജൂലൈയിൽ നടത്തിയ എം.കോം സപ്ലിമെന്ററി പരീക്ഷകളുടെ മാർക്ക്ലിസ്റ്റുകൾ പാളയം, കേരള സർവകലാശാല ഓഫീസിൽ (സെക്ഷൻ EG V ) നിന്നും കൈപ്പറ്റണം. മാർക്ക്ലിസ്റ്റുകൾ കൈപ്പറ്റുന്നതിനായി ഹാൾടിക്കറ്റും ബിരുദ സർട്ടിഫിക്കറ്റിന്റെ പകർപ്പും ഹാജരാക്കണം. പുനർമൂല്യനിർണയത്തിന് അപേക്ഷിക്കാനുള്ള അവസാന തീയതി മേയ് 11 വരെ നീട്ടി.

### സൂക്ഷ്മപരിശോധനയ്ക്ക് ഹാജരാകണം

2016 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എസ്സി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കായി അപേക്ഷിച്ചിട്ടുള്ളവർ ഹാൾടിക്കറ്റും ഐ.ഡി കാർഡുമായി ഏപ്രിൽ 23 മുതൽ മേയ് അഞ്ച് വരെയുള്ള പ്രവർത്തിദിവസങ്ങളിൽ EJ II സെക്ഷനിൽ ഹാജരാകണം.

### ക്രിമിനോളജി ആന്റ് ക്രിമിനൽ ജസ്റ്റിസ് അഡ്മിനിസ്ട്രേഷൻ തീയതി നീട്ടി

തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി സർട്ടിഫിക്കറ്റ് ഇൻ ക്രിമിനോളജി ആന്റ് ക്രിമിനൽ ജസ്റ്റിസ് അഡ്മിനിസ്ട്രേഷൻ കോഴ്സിന് ഏപ്രിൽ 30 വരെ അപേക്ഷിക്കാം. യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബിരുദം. കോഴ്സ് ദൈർഘ്യം: ആറ് മാസം. ഫീസ്: 9000/- നിയമബിരുദധാരികൾക്ക് ഫീസ്: 8500/- രൂപ. ക്ലാസ്സുകൾ: ശനി, ഞായർ ദിവസങ്ങളിൽ മാത്രം. വിവരങ്ങൾക്ക്: ഫോൺ: 0471-2302523.

തിരുവനന്തപുരം.
20.04.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in